# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *35 01.12..2015 ൽ മറുപടിക്ക്

## സബർബൻ ട്രെയിൻ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,, പി.സി വിഷ്ണുനാഥ്<br>,, എം.എ. വാഹീദ്<br>,, വർക്കല കഹാർ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് സബർബൻ ട്രെയിൻ സർവ്വീസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013 - ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ ദൂരത്തേയ്ക്ക് ഏകദേശം 3063.97 കോടി രൂപ അടങ്കലിൽ ഈ പദ്ധതി നടപ്പാക്കണമെന്നാണ് മുംബൈ റെയിൽ |

| | | | |
|---|---|---|---|
| | | | വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ DPR-ൽ വ്യക്തമാക്കിയിട്ടുള്ളത് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ടോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി ധാരണാ പത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; | (സി) | പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമ്പോൾ മാത്രമേ കേന്ദ്ര സഹായം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരികയുള്ളൂ. |
| (ഡി) | ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിലേക്കായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനത്തിനും ഏകോപനത്തിനും തുടർനടത്തിപ്പിനുമായി ഒരു പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും തിരുവനന്തപുരത്ത് ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ